## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 686.** **30.06.2016 ന് മറുപടിയ്ക്ക്**

## കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവ് കച്ചവടവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി എക്സൈസ് ഓഫീസിന്റെ പരിധിയിൽ 2015 ഏപ്രിൽ മുതൽ 2016 മെയ് 31 വരെ എത്ര കേസെടുത്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കഞ്ചാവ് കച്ചവടവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി എക്സൈസ് ഓഫീസിന്റെ പരിധിയിൽ 2015 ഏപ്രിൽ മുതൽ 2016 മെയ് 31 വരെ 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് 13 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസുകളിൽ 3 കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. 7 കേസുകളിൽ അന്വേഷണം പുരോഗമിക്കുന്നു. |
| (ബി) | സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മദ്ധ്യവേനലവധി കഴിഞ്ഞ് തുറന്നതിനു ശേഷം കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളുടെ ഉപഭോക്താക്കളാകുന്നത് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് എക്സൈസ് വകുപ്പ് പരിശോധനകൾ ശക്തമാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി വരുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കമരുന്നുകൾ എത്തിക്കുന്നതായി സംശയിക്കുന്ന ആളുകളെ നിരീക്ഷിക്കുന്നതും അവർക്കെതിരെ |

| | | | |
|---|---|---|---|
| | | | കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതു മാണ്. ഇതു കൂടാതെ മയക്കുമരുന്നുകൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കുട്ടികൾക്ക് പേരോ മേൽവിലാസമോ വെളിപ്പെടുത്താതെ തന്നെ ലഹരി വിൽപ്പനയെക്കുറിച്ച് പരാതി നൽകുന്നതിനായി സ്കൂളുകളിൽ 'ശ്രദ്ധ' എന്ന പേരിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മദ്ധ്യവേനലവധി കഴിഞ്ഞ് തുറന്നതിനു ശേഷം കഞ്ചാവിന്റെ കച്ചവടവും ഉപഭോഗവും തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നല്ല രീതിയിൽ നടപ്പാക്കി വരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, നാഷണൽ സർവ്വീസ് സ്കീം എന്നീ സംഘടനകളുടെ സഹായത്തോടുകൂടി ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണ പരിപാടികൾ, സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം തുടങ്ങിയവ നടത്തി വരുന്നു. ലഹരി വസ്തുക്കൾ ഏതെങ്കിലും വിദ്യാർത്ഥികൾ ഉപയോഗിക്കുന്നുണ്ടോ എന്ന് പ്രസ്തുത സംഘടനകളുടെ സഹായത്തോടെ രഹസ്യമായി നിരീക്ഷിച്ചു വരികയും, വിവരം ലഭിക്കുകയാണെങ്കിൽ പോലീസുമായി ബന്ധപ്പെടാനായുള്ള നിർദ്ദേശം നൽകി |

| | | | |
|---|---|---|---|
| | | | യിട്ടുള്ളതും കൂടാതെ ആരെങ്കിലും കുട്ടികൾക്ക് ലഹരി വസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) | കഞ്ചാവിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ; | (സി) | കഞ്ചാവിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, ലോഡ്ജുകൾ, തൊഴിലിടങ്ങൾ, ടിയാളുകൾ ഒത്തുകൂടുന്ന സ്ഥലങ്ങൾ, ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. ഇവർ കഞ്ചാവ് കേസുകളിൽ ഉൾപ്പെട്ടവരുമായി ബന്ധം പുലർത്താറുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ ഇടയിൽ കഞ്ചാവിന്റെ വ്യാപനം തടയുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | മത്സ്യത്തൊഴിലാളികളുടെ ഇടയിൽ കഞ്ചാവിന്റെ വ്യാപനം തടയുന്നതിന് കടലോര പ്രദേശങ്ങളിലും ടിയാളുകളുടെ താമസസ്ഥലങ്ങളിലും സമീപത്തുള്ള കച്ചവട സ്ഥാപനങ്ങളിലും പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. പ്രസ്തുത മേഖലകൾ കേന്ദ്രീകരിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**